വാർത്താക്കുറിപ്പ്
2026 ഒക്ടോബർ 12

എം.ജി.യു. ഗവേഷകക്ക് അമേരിക്കയിൽ പ്രബന്ധാവതരണത്തിന് ഐ സി എം ആർ ട്രാവൽ ഗ്രാന്റ്

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ പി.എച്ച്.ഡി. ഗവേഷകയായ സകീന അസ്മിക്ക് യു.എസ്.എ.യിൽ ഗവേഷണ പ്രബന്ധമവതരിപ്പിക്കാൻ യാത്രാ ധനസഹായം ലഭിച്ചു. 2026 നവംബർ 14 മുതൽ 18 വരെ നടക്കുന്ന സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമായ 'ന്യൂറോ സയൻസ് 2026'-ൽ ഗവേഷണം അവതരിപ്പിക്കുന്നതിനാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിൽ നിന്നും യാത്ര ധനസഹായം ലഭിച്ചിരിക്കുന്നത്.

പാർക്കിൻസൺസ് രോഗത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും കോശങ്ങളിലെയും തന്മാത്രകളിലെയും മാറ്റങ്ങൾ തലച്ചോറിലെ കോശങ്ങളുടെ ക്രമാനുഗതമായ നാശത്തിന് കാരണമാകുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുന്നതിനുമായി സകീന അസ്മി നടത്തിയ ഗവേഷണപ്രബന്ധം സമ്മേളനത്തിൽ അവതരിപ്പിക്കും. സർവകലാശാലയിലെ ഐ. യു. സി. ബി. ആർ. ആന്റ് എസ്. എസ്. എച്ച്.-ലെ സീനിയർ സയന്റിസ്റ്റ് ഡോ. ഗൗതം ചന്ദ്രയുടെ മേൽനോട്ടത്തിലാണ് സകീന അസ്മി ഗവേഷണം നടത്തുന്നത്.

മസ്തിഷ്കത്തെയും നാഡീവ്യവസ്ഥയെയും കുറിച്ചുള്ള പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞരുടെയും വൈദ്യശാസ്ത്ര വിദഗ്ധരുടെയും ലോകത്തിലെ ഏറ്റവും വലിയ സംഘടനയായ സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമാണ് 'ന്യൂറോ സയൻസ് 2026'. അടിസ്ഥാന ന്യൂറോ സയൻസ് മുതൽ ക്ലിനിക്കൽ ഗവേഷണം വരെയുള്ള മേഖലകളിലെ ഏറ്റവും പുതിയ കണ്ടെത്തലുകൾ പങ്കുവെക്കുന്നതിനായി ലോകമെമ്പാടുമുള്ള നിരവധി ഗവേഷകർ സമ്മേളനത്തിൽ പങ്കെടുക്കും.

പി.ആർ.ഒ/912/2026

മഹാത്മാഗാന്ധി സർവകലാശാലയിൽ തെയ്യം ശില്പശാല

മഹാത്മാഗാന്ധി സർവകലാശാലയിലെ സാമൂഹികശാസ്ത്ര പഠനവകുപ്പ് വടക്കേമലബാറിലെ തെയ്യം അനുഷ്ഠാനത്തേയും സംസ്കാരത്തെയും സാമൂഹിക ജീവിതത്തെയും കുറിച്ച് ഒക്ടോബർ 14ന് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. പുല്ലരിക്കുന്നിലുള്ള സാമൂഹികശാസ്ത്ര പഠനവകുപ്പാണ് വേദി. ശില്പശാലയിൽ പ്രമുഖ തെയ്യം കലാകാരന്മാരും പണ്ഡിതന്മാരും പങ്കെടുക്കും. വടക്കൻ കേരളത്തിലെ കുടുംബ ബന്ധങ്ങൾ, മതപരമായ വ്യവസ്ഥിതികൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, ജാതിവ്യവസ്ഥ, തെയ്യം കലാകാരന്മാരുടെ സാമൂഹിക ജീവിതം, തെയ്യത്തിലെ കലാ-സൗന്ദര്യശാസ്ത്ര-വിനോദ ഘടകങ്ങൾ, സമകാലിക കാലഘട്ടത്തിൽ ഇവയുണ്ടാകുന്ന മാറ്റങ്ങളും തുടർച്ചയും തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടക്കും. ശില്പശാലയുടെ ഭാഗമായി തെയ്യത്തെ ആസ്പദമാക്കി ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. സാമൂഹിക ശാസ്ത്ര വിഭാഗത്തിലെ വിവിധ ഗവേഷകരുടെയും പ്രമുഖരുടെയും അമ്പതോളം ചിത്രങ്ങൾ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സാമൂഹികശാസ്ത്ര പഠന വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന 'ദക്ഷിണേന്ത്യയിലെ കളിയാട്ടം മണ്ഡലത്തിലെ കുടുംബവും ജന്മാവകാശവും (ചെറുജന്മം)' എന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് ഈ ശില്പശാല സംഘടിപ്പിക്കുന്നത്. ന്യൂ ഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചാണ് ധനസഹായം ലഭ്യമാക്കിയിരിക്കുന്നത്.

പി.ആർ.ഒ/913/2026

എം.ജി.യു.വിൽ പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ രാമാനുജൻ ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി പ്രോജക്ട് അസോസിയേറ്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്.

കെമിസ്ട്രിയിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ എം.എസ്‌സി. നേടിയവർക്ക് അപേക്ഷിക്കാം. നെറ്റ്/ഗേറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. 28 വയസിൽ താഴെയായിരിക്കണം പ്രായം. പ്രതിമാസം 25,000 രൂപയാണ് ഫെലോഷിപ്പ്. ഒക്ടോബർ 31ന് മുൻപായി

chinjugovindmv@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: mgu.ac.in.

പി.ആർ.ഒ/914/2026

പരീക്ഷാഫലം

മഹാത്മാഗാന്ധി സർവകലാശാല രണ്ടാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി. സൈബർ ഫോറൻസിക്സ് (പി.ജി.സി.എസ്.എസ്.- 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

----

മഹാത്മാഗാന്ധി സർവ്വകലാശാല രണ്ടാം സെമെസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (പി.ജി.സി.എസ്.എസ്. - 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്‌സി ചാൻസ് ) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ .

----

മഹാത്മാഗാന്ധി സർവകലാശാല രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (പി.ജി.സി.എസ്.എസ്.- 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

----

മഹാത്മാഗാന്ധി സർവകലാശാല രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ്.- 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 27 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/915/2026

പബ്ലിക് റിലേഷൻസ് ഓഫീസർ